**കേരള സർക്കാർ**

**സംഗ്രഹം**

**പരിസ്ഥിതി വകുപ്പ് - പശ്ചിമഘട്ട ഉന്നതതല സമിതി റിപ്പോർട്ട് (കസ്തൂരിരംഗൻ കമ്മിറ്റി) - സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ (ESA) നിർണ്ണയം- നേരിട്ടുള്ള പരിശോധന - ഗ്രാമപഞ്ചായത്തുതല പരിശോധനാകമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.**

================================================================

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.188/2013/പരിസ്ഥിതി. തീയതി, തിരുവനന്തപുരം, 21.12.2013

P.EXTW
28.12.13

സൂചന : 20.12.2013 ൽ കേന്ദ്രസർക്കാർ വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച 1-4/2012-RE (Pt.) നമ്പർ ഓഫീസ് മെമ്മോറാണ്ടം

**ഉത്തരവ്**

പശ്ചിമഘട്ട സംരക്ഷണ നടപടികൾ സംബന്ധിച്ച ശുപാർശകൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ നിയോഗിച്ച ഉന്നതതല പ്രവർത്തക സമിതി (കസ്തൂരിരംഗൻ കമ്മിറ്റി) യുടെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അനുസരിച്ച് സംസ്ഥാനത്തെ പശ്ചിമഘട്ട മേഖലയിൽപെടുന്ന 123 വില്ലേജുകൾ പരിസ്ഥിതിലോല പ്രദേശങ്ങളായി (Ecologically Sensitive Area-ESA) നിർണ്ണയിക്കുകയുണ്ടായി. ഈ നിർദ്ദേശം, പരിസ്ഥിതി ലോല പ്രദേശങ്ങൾ നിർണ്ണയിക്കുന്നതിൽ പൊതുവിൽ സ്വീകരിച്ചിട്ടുള്ള പൊതു മാനദണ്ഡങ്ങൾ അനുസരിച്ച് അല്ലാത്തതിനാലും 20% മാത്രം പരിസ്ഥിതിലോല പ്രദേശമുള്ള വില്ലേജുകൾ ഉൾപ്പെടെ 123 വില്ലേജുകൾ കേരളത്തിൽ നിയമാനുസൃതമല്ലാതെ പരിസ്ഥിതിലോലപ്രദേശമാക്കിയിരിക്കുകയാലും മേൽ പറഞ്ഞ പ്രദേശങ്ങളിലെ ജനങ്ങൾ വമ്പിച്ച ഭയാശങ്കയും പ്രതിഷേധവും പ്രകടിപ്പിക്കുകയുണ്ടായി.

2. മാനദണ്ഡങ്ങൾ പാലിക്കാതെ കേരളത്തിൽ ആവാസകേന്ദ്രങ്ങളെ ESA യിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമൂലവും മറ്റും ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പഠിച്ച് റിപ്പോർട്ട് നൽകാനായി 29.10.2013 ലെ സ.ഉ. (സാധാ) നം. 122/13/പരി. എന്ന സർക്കാർ ഉത്തരവ് പ്രകാരം പ്രൊഫ.ഉമ്മൻ വി.ഉമ്മൻ കൺവീനറായും ശ്രീ.പി.സി.സിറിയക് IAS, പ്രൊഫ.വി.എൻ.രാജശേഖരൻപിള്ള എന്നിവർ അംഗങ്ങളായും ഒരു മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പരിസ്ഥിതിലോല വില്ലേജുകൾ പുനർനിർണ്ണയിക്കണമെന്ന വാദഗതികൾ ശരിവയ്ക്കുന്ന വസ്തുതകളും പരിതസ്ഥിതികളും നിലവിലുണ്ടെന്നും എന്നാൽ അത് നേരിട്ടുള്ള പരിശോധന നടത്തി തൽസ്ഥിതി മനസ്സിലാക്കി പരിസ്ഥിതിലോല പ്രദേശമാക്കാൻ സർവ്വഥാ യോഗ്യമായതും, ആവശ്യമുള്ളതുമായ പ്രദേശങ്ങൾതന്നെയായിരിക്കണമെന്നും വിഗദ്ധ സമിതി കൺവീനർ കമ്മിറ്റിക്കുവേണ്ടി സർക്കാരിനെ അറിയിക്കുകയും അതിനായി ഗ്രാമപഞ്ചായത്തുതലത്തിൽ ഒരു പരിശോധനാകമ്മിറ്റി രൂപീകരിച്ച് നേരിട്ടുള്ള പരിസ്ഥിതിലോല പ്രദേശനിർണ്ണയം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്നു നിർദ്ദേശിച്ചിട്ടുമുണ്ട്.

3. സർക്കാർ പ്രസ്തുത നിർദ്ദേശങ്ങൾ പരിശോധിച്ച് പരിസ്ഥിതിലോല പ്രദേശങ്ങളുടെ നിർണ്ണയത്തിൽ പ്രാദേശിക തലത്തിലുള്ള നടപടി വേണമെന്ന ശുപാർശ അംഗീകരിക്കുന്നു. മാത്രമല്ല പരിസ്ഥിതി സംരക്ഷണത്തിൽ പ്രാദേശിക സമൂഹത്തിന്റെ സഹകരണവും തീരുമാനവും പരിസ്ഥിതി നയത്തിൽ ഉൾപ്പെടുന്നുമുണ്ട്.

4. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മേൽ സൂചിപ്പിച്ച ഓഫീസ് മെമ്മോറാണ്ടത്തിന്റെ 3, 4 ഖണ്ഡികകളിൽ സംസ്ഥാന ഗവൺമെന്റ് നിർദ്ദിഷ്ട സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് **ESA** സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആകയാൽ ഇതിലേക്കായി സംസ്ഥാനത്തെ പശ്ചിമഘട്ട മേഖലയിൽ നിർദ്ദിഷ്ട രീതിയിലും, സാധ്യമായ പ്രദേശങ്ങളിലും, പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കപ്പെടുന്നതിനായി താഴെപറയുന്ന നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ് :

(1) കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള സംസ്ഥാനത്തെ 123 പരിസ്ഥിതിലോല വില്ലേജുകളിൽ, ജനാധിവാസ മേഖലകൾ, കൃഷി സ്ഥലങ്ങൾ, തോട്ടങ്ങൾ, എന്നിവ രേഖപ്പെടുത്തുക, പരിസ്ഥിതിലോല പ്രദേശം

എന്ന പരിഗണനയിൽ സംരക്ഷിക്കപ്പെടേണ്ട വനപ്രദേശം, കാവുകൾ, മൊട്ടക്കുന്നുകൾ, പാറക്കെട്ടുകൾ, പുൽമേടുകൾ എന്നിവകളും മറ്റ് പ്രദേശങ്ങളും നേരിട്ട് പരിശോധിച്ച് മാനദണ്ഡങ്ങൾ പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളാക്കി നിലനിർത്തേണ്ടവ കണ്ടെത്തി നിർണ്ണയിച്ചും, അല്ലാത്തവ ഒഴിവാക്കിയും റിപ്പോർട്ട് ചെയ്യുന്നതിനായി താഴെപറയുന്ന ഘടനയിലുള്ള പഞ്ചായത്തുതല പരിശോധനാസമിതികൾ രൂപീകരിക്കുന്നു.

| | | |
|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | അധ്യക്ഷൻ |
| 2 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി |
| 3 | ബന്ധപ്പെട്ട വില്ലേജ് ഓഫീസർ | അംഗം |
| 4 | ബന്ധപ്പെട്ട ഫോറസ്റ്റ് റേഞ്ച് ഓഫീസർ | അംഗം |
| 5 | പഞ്ചായത്തിലെ കൃഷി ഓഫീസർ | അംഗം |

(2) പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കുമ്പോൾ നിർദ്ദിഷ്ട പ്രദേശങ്ങൾ നേരിട്ടു സന്ദർശിച്ച് പരിശോധന നടത്തി, ജനാധിവാസ/കൃഷി/തോട്ട ഭൂമി ഒഴിവാക്കി പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കാവുന്നതാണ്.

(3) ഇപ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളാക്കാവുന്ന പ്രദേശങ്ങൾ ഏതെങ്കിലും വില്ലേജ് മുഴുവനായി വേണമെന്നില്ല. പരിസ്ഥിതിലോല പ്രദേശമായി വിജ്ഞാപനം ചെയ്യാവുന്ന പ്രത്യേക പ്രദേശം മാത്രം, അതു ഭൂമിശാസ്ത്രപരമായി പ്രത്യേകമായി വേർതിരിച്ചറിയാവുന്ന ഒരു സ്ഥലമാണെങ്കിൽ അത്രയും സ്ഥലം മാത്രം, അല്ലെങ്കിൽ വാർഡ് തലത്തിലോ/ സർവ്വേ നമ്പർ പ്രകാരമോ വേർതിരിച്ച് നിർണ്ണയിക്കേണ്ട താണ്.

(4) 1-1-1977-ന് മുൻപ് കൈവശാവകാശമുള്ള പ്രദേശങ്ങളെ ESA പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(5) ഓരോ പഞ്ചായത്തിലെയും പരിസ്ഥിതിലോല പ്രദേശങ്ങൾ, വനപ്രദേശങ്ങൾ എന്നിവ എടുത്തു കാണിക്കുന്ന ഒരു ഭൂപടം കൂടി ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത്തല റിപ്പോർട്ടിൽ, നിർണ്ണയിക്കപ്പെട്ട പഞ്ചായത്ത്തല പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിസ്തീർണ്ണം, ജനസംഖ്യ, ജനസാന്ദ്രത, വനപ്രദേശമുണ്ടെങ്കിൽ വിസ്തീർണ്ണം, പ്രവർത്തിക്കുന്ന പാറമടകൾ, മലിനീകരണ സാധ്യതയുള്ള വ്യവസായങ്ങൾ, ആശുപത്രികൾ, ഡയറിഫാമുകൾ തുടങ്ങിയവയുടെ വിശദാംശങ്ങളും ഉൾക്കൊള്ളിക്കാവുന്നതാണ്.

(6) വാർഡ്തലത്തിൽ കുറഞ്ഞ സ്ഥലങ്ങളാണ് പരിസ്ഥിതിലോല പ്രദേശങ്ങളായി നിർണ്ണയിക്കപ്പെട്ടിരിക്കുന്നതെങ്കിൽ വ്യക്തമായ അതിരടയാളങ്ങൾ (geographic demarcations) തിട്ടപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(7) ത്രിതല പഞ്ചായത്ത് മെമ്പർമാർ, മറ്റ് ജനപ്രതിനിധികൾ, സാമൂഹ്യ സംഘടനകൾ എന്നിവരെ സഹകരിപ്പിച്ച് അഭിപ്രായം തേടിയും ഇപ്രകാരമുള്ള നിർണ്ണയം നടത്താൻ ശ്രദ്ധിക്കണം.

(8) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ 2014 ജനുവരി 10-ന് മുൻപായി മേൽപ്പറഞ്ഞ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് ജനുവരി 13-ന് സമർപ്പിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്ത്തല പരിശോധനാ സമിതി മേൽപ്പറഞ്ഞ രീതിയിൽ സമയബന്ധിതമായി പ്രവർത്തിച്ച് റിപ്പോർട്ട് സമർപ്പിക്കാനാവശ്യമായ എല്ലാ സഹായവും ചെയ്തു കൊടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്- പ്രത്യേകിച്ച് റവന്യൂ അധികാരികൾക്ക്-ജില്ലാ കളക്ടർമാർ കർശന നിർദ്ദേശം നൽകേണ്ടതാണ്.

6. ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾക്ക് ജില്ലാതലത്തിൽ മേൽനോട്ടം വഹിക്കാനും ഏകോപിപ്പിക്കുന്നതിനും ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ പ്രത്യേകം ചുമതലപ്പെടുത്തി സർക്കാരിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. ഗ്രാമപഞ്ചായത്ത് സെക്രട്ടിമാരിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ എല്ലാം ലഭിച്ച് തൊട്ടടുത്ത ദിവസം പ്രത്യേക ദൂതൻവശം സർക്കാർ സെക്രട്ടേറിയറ്റിൽ പരിസ്ഥിതി (എ) വകുപ്പിൽ എത്തിക്കേണ്ടതാണ്.

8. ഈ നിർദ്ദേശങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ environmentas40@yahoo.com എന്ന ഇമെയിലിൽ അയക്കാവുന്നതാണ്.

9. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള പരിസ്ഥിതിലോല പ്രദേശങ്ങളായ വില്ലേജുകളുടെ ലിസ്റ്റ് ഇതോടൊപ്പം അയക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജി.രാജീവ്**
അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാകളക്ടർമാർക്കും
പരിസ്ഥിതലോല പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്
(ജൈവവൈവിധ്യ ബോർഡ് മുഖേന)

ചെയർമാൻ, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
എല്ലാ ജില്ലാപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
(ജൈവവൈവിധ്യ ബോർഡ് മുഖേന)
പരിസ്ഥിതിലോല പ്രദേശങ്ങളിലെ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും
(ജൈവവൈവിധ്യ ബോർഡ് മുഖേന)
മെമ്പർ സെക്രട്ടറി, ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ,
ശാസ്ത്രഭവൻ, പട്ടം, തിരുവനന്തപുരം-4
സംസ്ഥാന പോലീസ് മേധാവി
ലാൻഡ് റവന്യൂ കമ്മീഷണർ
ഗ്രാമവികസന കമ്മീഷണർ
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
പഞ്ചായത്ത് ഡയറക്ടർ
കൃഷി വകുപ്പ് ഡയറക്ടർ
സർവ്വേവകുപ്പ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
കൃഷി വകുപ്പ്
വനം-വന്യജീവി വകുപ്പ്
റവന്യൂ വകുപ്പ്
വ്യവസായ വകുപ്പ്
ശാസ്ത്രസാങ്കേതിക വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| Kerala | Idukki | Devikulam | Marayoor |
| Kerala | Idukki | Devikulam | Keezhanthoor |
| Kerala | Idukki | Devikulam | Kannan Devan Hills |
| Kerala | Idukki | Devikulam | Kuttampuzha |
| Kerala | Idukki | Devikulam | Kottakamboor |
| Kerala | Idukki | Devikulam | Kanthalloor |
| Kerala | Idukki | Devikulam | Vattavada |
| Kerala | Idukki | Devikulam | Mankulam |
| Kerala | Idukki | Devikulam | Mannamkandam |
| Kerala | Idukki | Devikulam | Pallivasal |
| Kerala | Idukki | Devikulam | Anaviratty |
| Kerala | Idukki | Devikulam | Kunjithanny |
| Kerala | Idukki | Devikulam | Vellathuval |
| Kerala | Idukki | Peerumade | Upputhara |
| Kerala | Idukki | Peerumade | Kumily |
| Kerala | Idukki | Peerumade | Manjumala |
| Kerala | Idukki | Peerumade | Periyar |
| Kerala | Idukki | Peerumade | Kokkayar |
| Kerala | Idukki | Peerumade | Peerumade |
| Kerala | Idukki | Peerumade | Mlappara |
| Kerala | Idukki | Peerumade | Peruvanthanam |
| Kerala | Idukki | Thodupuzha | Kanjikuzhi |
| Kerala | Idukki | Thodupuzha | Udumbannoor |
| Kerala | Idukki | Thodupuzha | Idukki (Part) |
| Kerala | Idukki | Thodupuzha | Arakkulam |
| Kerala | Idukki | Udumbanchola | Chinnakanal |
| Kerala | Idukki | Udumbanchola | Baisonvally |
| Kerala | Idukki | Udumbanchola | Rajakumari |
| Kerala | Idukki | Udumbanchola | Poopara |
| Kerala | Idukki | Udumbanchola | Rajakkad |
| Kerala | Idukki | Udumbanchola | Konnathady |
| Kerala | Idukki | Udumbanchola | Santhanpara |
| Kerala | Idukki | Udumbanchola | Kanthippara |
| Kerala | Idukki | Udumbanchola | Vathikudy |
| Kerala | Idukki | Udumbanchola | Chathurangapara |
| Kerala | Idukki | Udumbanchola | Udumbanchola |
| Kerala | Idukki | Udumbanchola | Upputhode |
| Kerala | Idukki | Udumbanchola | Parathodu |
| Kerala | Idukki | Udumbanchola | Kalkoonthal |
| Kerala | Idukki | Udumbanchola | Thankamony (Part) |
| Kerala | Idukki | Udumbanchola | Ayyappancoil |
| Kerala | Idukki | Udumbanchola | Pampadumpara |
| Kerala | Idukki | Udumbanchola | Kattappana |
| Kerala | Idukki | Udumbanchola | Karunapuram |
| Kerala | Idukki | Udumbanchola | Vandanmedu |
| Kerala | Idukki | Udumbanchola | Anakkara |
| Kerala | Idukki | Udumbanchola | Anavilasam |
| Kerala | Idukki | Udumbanchola | Chakkupallam |
| Kerala | Kannur | Thalassery | Aralam |
| Kerala | Kannur | Thalassery | Kottiyoor |
| Kerala | Kannur | Thalassery | Cheruvanchery |
| Kerala | Kollam | Pathanapuram | Punnala |
| Kerala | Kollam | Pathanapuram | Piravanthur |
| Kerala | Kollam | Pathanapuram | Edamon |
| Kerala | Kollam | Pathanapuram | Thenmala |
| Kerala | Kollam | Pathanapuram | Arienkavu |
| Kerala | Kollam | Pathanapuram | Thinkalkarikkakom |
| Kerala | Kollam | Pathanapuram | Kulathupuzha |
| Kerala | Kollam | Pathanapuram | Channappetta |

| | | | |
|---|---|---|---|
| Kerala | Kottayam | Kanjirappally | Koottickal |
| Kerala | Kottayam | Meenachil | Melukavu |
| Kerala | Kottayam | Meenachil | Teekoy |
| Kerala | Kottayam | Meenachil | Poonjar Thekkekara |
| Kerala | Kozhikode | Kozhikode | Kedavur |
| Kerala | Kozhikode | Kozhikode | Puthuppadi |
| Kerala | Kozhikode | Kozhikode | Nellipoyil |
| Kerala | Kozhikode | Kozhikode | Kodencheri |
| Kerala | Kozhikode | Kozhikode | Thiruvambadi |
| Kerala | Kozhikode | Quilandy | Chempanoda |
| Kerala | Kozhikode | Quilandy | Rikkattapatta |
| Kerala | Kozhikode | Vadakara | Thinoor |
| Kerala | Kozhikode | Vadakara | Kavilumpara |
| Kerala | Malappuram | Nilambur | Chungathara |
| Kerala | Malappuram | Nilambur | Kurumbilangode |
| Kerala | Malappuram | Nilambur | Vazhikkadavu |
| Kerala | Malappuram | Nilambur | Akampadam |
| Kerala | Malappuram | Nilambur | Karulai |
| Kerala | Malappuram | Nilambur | Amarambalam |
| Kerala | Malappuram | Nilambur | Chekkode |
| Kerala | Malappuram | Nilambur | Kalikavu |
| Kerala | Malappuram | Nilambur | Kerala Estate |
| Kerala | Malappuram | Nilambur | Karuvarakundu |
| Kerala | Palakkad | Alathur | Kizhakkencheri-I |
| Kerala | Palakkad | Chittur | Muthalamada-I |
| Kerala | Palakkad | Chittur | Muthalamada-II |
| Kerala | Palakkad | Chittur | Nelliyampathy |
| Kerala | Palakkad | Mannarkad | Pudur |
| Kerala | Palakkad | Mannarkad | Padavayal |
| Kerala | Palakkad | Mannarkad | Agali |
| Kerala | Palakkad | Mannarkad | Kottathara |
| Kerala | Palakkad | Mannarkad | Kallamala |
| Kerala | Palakkad | Mannarkad | Sholayur |
| Kerala | Palakkad | Mannarkad | Palakkayam |
| Kerala | Palakkad | Palakkad | Puthuppariyaram-I |
| Kerala | Palakkad | Palakkad | Malampuzha-I |
| Kerala | Palakkad | Palakkad | Pudussery East |
| Kerala | Pathanamthitta | Kozhenchery | Thannithode |
| Kerala | Pathanamthitta | Kozhenchery | Aruvappulam |
| Kerala | Pathanamthitta | Ranni | Chittar-Seethathodu |
| Kerala | Pathanamthitta | Ranni | Kollamula |
| Kerala | Pathanamthitta | Ranni | Perunad |
| Kerala | Pathanamthitta | Ranni | Vadasserikkara |
| Kerala | Thiruvananthap* | Nedumangad | Peringamala |
| Kerala | Thiruvananthap* | Nedumangad | Thennoor |
| Kerala | Thiruvananthap* | Nedumangad | Vithura |
| Kerala | Thiruvananthap* | Nedumangad | Mannoorkara |
| Kerala | Thiruvananthap* | Neyyattinkara | Vazhichal |
| Kerala | Thiruvananthap* | Neyyattinkara | Kallikkad |
| Kerala | Thiruvananthap* | Neyyattinkara | Amboory |
| Kerala | Thrissur | Mukundapuram | Pariyaram |
| Kerala | Wayanad | Mananthavady | Thirunelly |
| Kerala | Wayanad | Mananthavady | Thrissilery |
| Kerala | Wayanad | Mananthavady | Periya |
| Kerala | Wayanad | Mananthavady | Thondernad |
| Kerala | Wayanad | Sulthanbathery | Kidanganad |
| Kerala | Wayanad | Sulthanbathery | Noolpuzha |
| Kerala | Wayanad | Vythiri | Thariyode |
| Kerala | Wayanad | Vythiri | Achooranam |
| Kerala | Wayanad | Vythiri | Pozhuthana |
| Kerala | Wayanad | Vythiri | Kottappadi (Part) |
| Kerala | Wayanad | Vythiri | Chundale |
| Kerala | Wayanad | Vythiri | Kunnathidavaka |
| Kerala | Wayanad | Vythiri | Vellarimala |